# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 15

# വാർത്താക്കുറിപ്പ്

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല ഡയറക്ടേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിനു (ഡി.എ.എസ്.പി.) കീഴിലുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് കമ്പ്യൂട്ടർ ലാബ് ഇൻ ചാർജിനെ നിയമിക്കുന്നു. പൊതു വിഭാഗത്തിലാണ് ഒഴിവുള്ളത്.

കമ്പ്യൂട്ടർ എഞ്ചിനീയറിംഗിലോ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസിലോ ത്രിവത്സര പോളിടെക്നിക് ഡിപ്ലോമയുള്ളവർക്ക് അപേക്ഷിക്കാം. കൂടാതെ കമ്പ്യൂട്ടർ ഹാർഡ്#വെയർ നെറ്റ്‌വർക്കിംഗ് മേഖലയിലും വിവിധ കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം, സോഫ്റ്റ്‌വെയർ എന്നിവയുടെ ഇൻസ്റ്റലേഷൻ മെയിന്റനൻസ് എന്നിവയിലും വീഡിയോ, ഓഡിയോ എഡിറ്റിംഗിലും ചുരുങ്ങിയത് ഒരു വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുണ്ടായിരിക്കണം. പ്രായപരിധി 2022 ജനുവരി ഒന്നിന് 36 വയസ്. അർഹരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃതമായ വയസ്സിളവ് അനുവദിക്കും. നിയമനം നേടുന്നവർക്ക് പ്രതിമാസം 15000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന കൺസോളിഡേറ്റഡ് മാർക്ക്‌ലിസ്റ്റ്, ഡിപ്ലോമ സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പുകൾ സഹിതമുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ജനുവരി 29 ന് വൈകിട്ട് അഞ്ചിന് മുൻപ് dasp@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭിച്ചിരിക്കണം. സംവരണാനുകൂല്യത്തിന് അർഹരായവർ ജാതി / നോൺക്രീമിലെയർ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ചേർക്കണം. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/68/2022)

## മാറ്റിവച്ച പരീക്ഷ 19 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല ജനവരി 14 ന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച പരീക്ഷകൾ ജനവരി 19 മുതൽ നടത്തുമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശല വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/68/2022)

## പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ - റെഗുലർ) /ഡി.ഡി.എം.സി.എ. (2016, 2015, 2014 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി പത്തിന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 27 വരെയും 525 പിഴയോടുകൂടി ജനുവരി 28 നും 1050 സൂപ്പർഫൈനോടെ ജനുവരി 31 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/69/2022)

## ഹാൾടിക്കറ്റ്

ജനുവരി 18 ന് ആരംഭിക്കുന്ന മൂന്ന്, നാല് സെമസ്റ്ററുകൾ എം.എ. / എം.കോം. / എം.എസ്.സി. (2019 അഡ്മിഷൻ) പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ പരീക്ഷാകേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവ്വകലാശാല

(പി.ആർ.ഒ./39/70/2022)

## പ്രോജക്ട് ഇവാല്യുവേഷൻ - വൈവാ വോസി

2021 ഡിസംബറിൽ നടന്ന ആറാം സെമസ്റ്റർ എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ / 2017 അഡ്മിഷൻ - സപ്ലിമെന്ററി, ലാറ്ററൽ എൻട്രി / 2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി)/ 2015 അഡ്മിഷൻ - സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്) / 2016 അഡ്മിഷൻ - (അഫിലിയേറ്റഡ് കോളേജുകൾ) / 2014 അഡ്മിഷൻ - മേഴ്സി ചാൻസ് / 2016 അഡ്മിഷൻ - സപ്ലിമെന്ററി - ലാറ്ററൽ എൻട്രി അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്) / 2015 അഡ്മിഷൻ - മേഴ്സി ചാൻസ് പരീക്ഷകളുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾ ജനുവരി 19 മുതൽ 21 വരെ തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/71/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 15

# വാർത്താക്കുറിപ്പ്

## പൗരത്വ വിഷയത്തിലെ മതപരമായ വിവേചനം അപകടകരം: എൻ റാം

പൗരത്വം അനുവദിക്കുന്നതിൽ പ്രത്യേക ലക്ഷ്യത്തോടെ മതത്തിൻ്റെ അടിസ്ഥാനത്തിലുള്ള വിവേചനം കൊണ്ടുവരുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലുള്ള രാജ്യത്തിൻ്റെ നിലനില്പ് അപകടത്തിലാക്കുന്ന പ്രവണതയാണെന്ന് പ്രശസ്ത പത്രപ്രവർത്തകനും ഹിന്ദു ഗ്രൂപ്പ് പബ്ലിക്കേഷൻസ് ചെയർമാനുമായ എൻ.റാം അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാല - ബഞ്ചമിൻ ബെയ്ലി ചെയറിൻ്റെ ആഭിമുഖ്യത്തിൽ "ഇന്ത്യയിൽ പൗരത്വത്തിൻ്റെ ഭാവി " എന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രഭാഷണം നടത്തുകയായിരുന്നു ചെയർ പ്രൊഫസർ കൂടിയായ അദ്ദേഹം.

അയൽ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിൽ എത്തുന്നവരിൽ ഒരു വിഭാഗത്തെ മതത്തിൻ്റെ അടിസ്ഥാനത്തിൽ നുഴഞ്ഞ്കയറ്റക്കാരായും മറ്റ് ചില വിഭാഗങ്ങളിൽ പെട്ടവരെ പീഡനമേറ്റുവാങ്ങി പാലായനം ചെയ്ത് രാജ്യത്തെത്തിയവരായും കണക്കാക്കി നടത്തിയിട്ടുള്ള നിയമ ഭേദഗതികൾ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതര-ജനാധിപത്യ മൂല്യങ്ങളുടെ ലംഘനമാണെന്നതു കൊണ്ട് അവക്കെതിരായ നിയമപരവും ജനാധിപത്യപരവുമായ ചെറുത്തുനിൽപ്പ് അനിവാര്യമാണ്. കോ വിഡ് മഹാമാരി സൃഷ്ടിച്ച പ്രത്യേക സാഹചര്യം ഇത്തരത്തിലുള്ള ചെറുത്തു നിൽപ്പുകളെ ദോഷകരമായി ബാധിച്ചുവെന്നത് വസ്തുതയാണെങ്കിലും അടുത്തയിടെയുണ്ടായ കർഷക പോരാട്ടങ്ങളുടെ പരിസമാപ്തി ജനകീയ സമരങ്ങൾക്ക് കരുത്ത് പകരുന്ന ഒന്നാണെന്നും അദ്ദേഹം പറഞ്ഞു. നിയമ ഭേദഗതിയുടെ ഭാഗമായി നടപ്പാക്കുന്ന ദേശീയ പൗരത്വ രജിസ്റ്റർ, നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ എന്നിവയുടെ ദൂഷ്യ ഫലങ്ങൾ അനുഭവിക്കേണ്ടി വരിക കേവലം ഒരു മത വിഭാഗത്തിൽ പെട്ടവർ മാത്രമായിരിക്കില്ലെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി - ജാതി, മത ഭേദമെന്യെ ഉപജീവനത്തിനായി കഠിന പ്രയത്നം ചെയ്യുന്ന പാവപ്പെട്ടവരായ വലിയൊരു ജനവിഭാഗം ഇതിൻ്റെ ദൂഷ്യഫലം അനുഭവിക്കേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. കോട്ടയം സി.എം.എസ് കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് സി. ജോഷ്വ അധ്യക്ഷനായിരുന്നു. ചെയർ കോ-ഓർഡിനേറ്റർ ഡോ. എസ് ഹരികുമാർ, ജോയിൻ്റ് കോ-ഓർഡിനേറ്റർ വിജോ തോമസ് കുര്യൻ എന്നിവരും സംസാരിച്ചു .

(പി.ആർ.ഒ./39/72/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ